പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 946

08.01.2014 ൽ മറുപടിക്ക്

## തമ്പാനൂർ കിഴക്കേകോട്ട വഴി കടന്നുപോകുന്ന മലിനജല കനാൽ

| | ചോദ്യം<br>ശ്രീ. സി. മോയിൻകുട്ടി | | അന്തിമ മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തമ്പാനൂർ കിഴക്കേകോട്ട വഴി കടന്നു പോകുന്ന മലിനജല കനാലിന്റെ ചുമതല ജലവിഭവ വകുപ്പിനാണോ എന്ന കാര്യം വ്യക്തമാക്കുമോ; | (എ) | ഇപ്പോൾ തമ്പാനൂർ - കിഴക്കേകോട്ട വഴി കടന്നു പോകുന്ന മലിന ജല കനാൽ പുനരുദ്ധരിക്കുന്നതിലേക്കായി കെ.എസ്.യു.ഡി.പി.യ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ കഴിഞ്ഞ പത്തു വർഷത്തിനിടെ ഈ കനാലിന്റെ മെയിന്റനൻസ്, പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്ക് എന്തു തുക ചെലവഴിച്ചു; | (ബി) | കഴിഞ്ഞ പത്തു വർഷത്തിനിടെ ഈ കനാലിന്റെ മെയിന്റനൻസ്/പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾക്ക് 33,54,973/- രൂപ ചിലവഴിച്ചു. |
| (സി) | പട്ടണത്തിലെ വെള്ളപ്പൊക്ക നിവാരണ ത്തിനായി ഈ കനാലിൽ ഉടനീളം അടിഞ്ഞു കിടപ്പുള്ള മാലിന്യങ്ങൾ എപ്പോഴെങ്കിലും നീക്കം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ ഈ പ്രവൃത്തി ചെയ്തത് എപ്പോഴാണെന്നും എന്തു തുക ചെലവു വന്നു എന്നും വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം പ്രവർത്തികൾ ഒന്നും തന്നെ ചെയ്തിട്ടില്ല. |
| (ഡി) | റെയിൽവെ ലൈനിനടിയിലൂടെ കടന്നു പോകുന്ന ഭാഗത്ത് അടിഞ്ഞു കൂടിയ മാലിന്യം റെയിൽ ഗതാഗതത്തെ ബാധിക്കാത്ത വിധം നീക്കം ചെയ്യാൻ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്ന കാര്യം എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ; ഉപയോഗപ്പെടുത്തയിട്ടുണ്ടോ; | (ഡി) | ഉണ്ട്. റെയിൽവെ ലൈനിനടിയിലൂടെ കടന്നു പോകുന്ന ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യങ്ങൾ സ്ലഡ്ജ് പമ്പ് ഉപയോഗിച്ചാണ് നിലവിൽ നീക്കം ചെയ്തുവരുന്നത്. |
| (ഇ) | ഈ കനാലിൽ പതിറ്റാണ്ടുകളായി അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യവും ഒഴുക്കു തടയുന്ന വിധം കുറുകെ പോകുന്ന പൈപ്പുകളും, വളർന്നു കയറിയ കാടുകളും നീക്കം ചെയ്ത്, തലസ്ഥാന നഗരത്തിലെ വെള്ളപ്പൊക്ക ദുരിതം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കനാലിൽ കുറുകെയുള്ള സ്വീവറേജ് പൈപ്പുകൾ മാറ്റുന്നതിന് കെ.എസ്.യു.ഡി.പി.യുമായി ബന്ധപ്പെട്ടുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. കനാലിലെ കാടുകൾ നീക്കം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ